**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5932** **25-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വൈദ്യുതി വകുപ്പ് വഴി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>ഈ സർക്കാർ അധികാരമേറ്റ ശേഷം പൂഞ്ഞാർ മണ്ഡലത്തിൽ കെ എസ് ഇ ബി എൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്;<br><br>1) 110 കെ.വി. ഈരാറ്റുപേട്ട സബ്സ്റ്റേഷനിൽ 2x12.5 എം.വി.എ. ട്രാൻസ്ഫോർമർ, 2x20 എം.വി.എ. ആക്കി ശേഷി ഉയർത്തുന്ന പ്രവൃത്തിയുടെ സാങ്കേതിക പഠനം നടന്നു വരികയാണ്. പദ്ധതി തുക ഏകദേശം 6 കോടി രൂപയാണ്.<br><br>2) 33 കെ.വി. പിണ്ണാക്കനാട് സബ് സ്റ്റേഷൻ നിർമ്മാണം പദ്ധതി തുക 20 കോടി രൂപയാണ്. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി കണ്ടിജൻസി തുകയായ 2,12,500/- രൂപ കെ എസ് ഇ ബി എൽ അടച്ചിട്ടുണ്ട്.<br><br>3) മാർമല ജല വൈദ്യുത പദ്ധതിയുടെ ഭാഗമായുള്ള പവർ ഇവാക്കുവേഷൻ ലൈനിന്റെ നിർമ്മാണത്തിനുള്ള സാങ്കേതിക പഠനം നടന്നു വരികയാണ്.<br><br>4) കണമല പ്രദേശത്തുണ്ടാകുന്ന വൈദ്യുതി തടസത്തിന് പരിഹാരമായി ഒരു യൂണിടൈസ്ഡ് സബ്സ്റ്റേഷന്റെ (4MVA,33/11kV RMU USS) നിർമ്മാണം ആർ.ഡി.എസ്.എസ്. പദ്ധതിയിൽ (RDSS-Additional proposal) ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൂഞ്ഞാർ മണ്ഡലത്തിൽ 7 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ തീക്കോയി, തലനാട് എന്നീ വില്ലേജുകളിലായി മീനച്ചിലാറിന്റെ കൈവഴിയായ മാർമ്മല തോട്ടിലെ വെള്ളച്ചാട്ടത്തിന് മുകളിലായി തടയണ നിർമ്മിച്ച് ജലം ടണൽ, സർജ്, പെൻസ്റ്റോക്ക് എന്നിവ വഴി വെള്ളാനിയിലെ പവർ ഹൗസിൽ എത്തിച്ച് 3.5 MW-ന്റെ 2 ടർബൈനുകളുടെ സഹായത്തോടെ വൈദ്യുതി ഉൽപാദിപ്പിക്കുവാനാണ് മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതി ലക്ഷ്യമിടുന്നത്.<br><br>മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതിക്ക് 70.18 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ 5.9099 ഹെക്ടർ പട്ടയ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭൂമിയുടെ വില വസ്തു ഉടമകൾക്ക് നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള മുഴുവൻ തുകയും ബോർഡ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് തുടർനടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. |

സൗര ഫേസ് 1 പദ്ധതിയിൽ 79KW ശേഷിയുള്ള 4 സോളാർ പ്ലാന്റുകൾ 44,64,000/- രൂപ ചെലവാക്കി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 1,67,340 രൂപ ചെലവഴിച്ച് 6 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

വൈദ്യുതി വിതരണ മേഖല ആധുനികവത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പ് വരുത്തുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. പദ്ധതിയായ ദ്യുതി 2.0, കേന്ദ്ര ആവിഷ്കൃത പദ്ധതിയായ Revamped Distribution Sector Scheme (RDSS) എന്നിവയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരമേറ്റതിന് ശേഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പാലാ സർക്കിളിനു കീഴിൽ വിവിധ സെക്ഷനുകളിലായി വർക്കുകൾ നടത്തിവരുന്നു.

ഈ പ്രവൃത്തികൾക്കായി അനുവദിച്ച തുക, നിലവിലെ സ്ഥിതി തുടങ്ങിയവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

**<u>പൂർത്തിയാക്കിയ പ്രവൃത്തികൾ</u>**

| ക്രമ. നം. | പദ്ധതിയുടെ പേര് | പ്രവൃത്തി-കളുടെ എണ്ണം | തുക (കോടിയിൽ) | പ്രവൃത്തികളുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ദ്യുതി | 149 | 15.042 | (1) വിതരണ ട്രാൻസ്ഫോർമർ - 93 എണ്ണം,<br><br>(2) 11 കെ.വി. ലൈനുകൾ- 6.36 കി.മീ.,<br><br>(3) എൽ.ടി. ലൈനുകൾ - 13.73 കി.മീ.,<br><br>(4) സിംഗിൾ ഫേസ് നിന്ന് ത്രീഫേസിലേക്ക് പരിവർത്തനം - 7.06 കി.മീ.,<br><br>(5) എച്ച്.ടി. റീകണ്ടക്ടറിംഗ്- 15.3 കി.മീ.,<br><br>(6) എൽ.ടി. റീകണ്ടക്ടറിംഗ് - 65.89 കി.മീ. |

**<u>പൂർത്തികരിക്കാനുള്ള പ്രവൃത്തികൾ</u>**

| ക്രമ. നം. | പദ്ധതിയുടെ പേര് | പ്രവൃത്തി-കളുടെ എണ്ണം | തുക (കോടിയിൽ) | പ്രവൃത്തികളുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ദ്യുതി | 43 | 3.643 | (1) വിതരണ ട്രാൻസ്ഫോർമർ - 19 എണ്ണം, |

| | | | | |
|---|---|---|---|---|
| | | | | (2) 11 കെ.വി. ലൈനുകൾ - 3 കി.മീ.,<br><br>(3)എൽ.ടി. ലൈനുകൾ - 6.2 കി.മീ.,<br><br>(4) സിംഗിൾ ഫേസിൽ നിന്ന് ത്രീഫേസിലേക്ക് പരിവർത്തനം - 2.1 കി.മീ.,<br><br>(5) എച്ച്.ടി. റീകണ്ഡക്ടറിംഗ് - 2.2 കി.മീ.,<br><br>(6) എൽ.ടി. റീകണ്ഡക്ടറിംഗ് - 5.8 കി.മീ. |
| 2 | ആർ.ഡി. എസ്.എസ് | 17 | 21.12 | (1) എച്ച്.ടി. റീകണ്ഡക്ടറിംഗ് – 15.495 കി.മീ.<br><br>(2) എൽ.ടി. റീകണ്ഡക്ടറിംഗ് – 113 കി.മീ.<br><br>(3) സിംഗിൾ ഫേസിൽ നിന്ന് ത്രീ ഫേസിലേക്ക് പരിവർത്തനം -15.86 കി.മീ.,<br><br>(4) കാലപ്പഴക്കമുള്ള ട്രാൻസ്ഫോർമർ മാറ്റി പുതിയത് സ്ഥാപിക്കൽ - 45 എണ്ണം,<br><br>(5) എച്ച്.ടി. അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കൽ - 3.9 കി.മീ.<br><br>(6) പുതിയ വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 25 എണ്ണം. |

**<u>അനെർട്ട്</u>**

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ അഭ്യർത്ഥന പ്രകാരം പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ കൺസ്യൂമർ നമ്പർ: 1156312009218 എന്ന വൈദ്യുതി കണക്ഷനിലേക്ക് 8 kW ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന് അനെർട്ട് നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br><br>ഈ സർക്കാർ അധികാരമേറ്റ ശേഷം പൂഞ്ഞാർ മണ്ഡലത്തിൽ കെ എസ് ഇ ബി എൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്;<br><br>1) 110 കെ.വി. ഈരാറ്റുപേട്ട സബ്സ്റ്റേഷനിൽ 2x12.5 എം.വി.എ. ട്രാൻസ്ഫോർമർ, 2x20 എം.വി.എ. ആക്കി ശേഷി ഉയർത്തുന്ന പ്രവൃത്തിയുടെ സാങ്കേതിക പഠനം നടന്നു വരികയാണ്. പദ്ധതി തുക ഏകദേശം 6 കോടി രൂപയാണ്.<br><br>2) 33 കെ.വി. പിണ്ണാക്കനാട് സബ് സ്റ്റേഷൻ നിർമ്മാണം പദ്ധതി തുക 20 കോടി രൂപയാണ്. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി കണ്ടിജൻസി തുകയായ 2,12,500/- രൂപ കെ എസ് ഇ ബി എൽ അടച്ചിട്ടുണ്ട്.<br><br>3) മാർമല ജല വൈദ്യുത പദ്ധതിയുടെ ഭാഗമായുള്ള പവർ ഇവാക്കുവേഷൻ ലൈനിന്റെ നിർമ്മാണത്തിനുള്ള സാങ്കേതിക പഠനം നടന്നു വരികയാണ്.<br><br>4) കണമല പ്രദേശത്തുണ്ടാകുന്ന വൈദ്യുതി തടസത്തിന് പരിഹാരമായി ഒരു യൂണിടൈസ്ഡ് സബ്സ്റ്റേഷന്റെ (4MVA,33/11kV RMU USS) നിർമ്മാണം ആർ.ഡി.എസ്.എസ്. പദ്ധതിയിൽ (RDSS-Additional proposal) ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൂഞ്ഞാർ മണ്ഡലത്തിൽ 7 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ തീക്കോയി, തലനാട് എന്നീ വില്ലേജുകളിലായി മീനച്ചിലാറിന്റെ കൈവഴിയായ മാർമ്മല തോട്ടിലെ വെള്ളച്ചാട്ടത്തിന് മുകളിലായി തടയണ നിർമ്മിച്ച് ജലം ടണൽ, സർജ്, പെൻസ്റ്റോക്ക് എന്നിവ വഴി വെള്ളാനിയിലെ പവർ ഹൗസിൽ എത്തിച്ച് 3.5 MW-ന്റെ 2 ടർബൈനുകളുടെ സഹായത്തോടെ വൈദ്യുതി ഉൽപാദിപ്പിക്കുവാനാണ് മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതി ലക്ഷ്യമിടുന്നത്.<br><br>മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതിക്ക് 70.18 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ 5.9099 ഹെക്ടർ പട്ടയ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭൂമിയുടെ വില വസ്തു ഉടമകൾക്ക് നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള മുഴുവൻ തുകയും ബോർഡ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് തുടർനടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു.<br><br>സൗര ഫേസ് 1 പദ്ധതിയിൽ 79KW ശേഷിയുള്ള 4 സോളാർ പ്ലാന്റുകൾ 44,64,000/- രൂപ ചെലവാക്കി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 1,67,340 രൂപ ചെലവഴിച്ച് 6 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.<br><br>വൈദ്യുതി വിതരണ മേഖല ആധുനികവത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പു വരുത്തുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. പദ്ധതിയായ ദ്യുതി 2.0, കേന്ദ്ര ആവിഷ്കൃത പദ്ധതിയായ Revamped Distribution Sector Scheme (RDSS) എന്നിവയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരമേറ്റതിന് ശേഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പാലാ സർക്കിളിനു കീഴിൽ വിവിധ സെക്ഷനുകളിലായി വർക്കുകൾ നടത്തിവരുന്നു.<br><br>ഈ പ്രവൃത്തികൾക്കായി അനുവദിച്ച തുക, നിലവിലെ സ്ഥിതി തുടങ്ങിയവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു: |

**പൂർത്തിയാക്കിയ പ്രവൃത്തികൾ**

| ക്രമ. നം. | പദ്ധതിയുടെ പേര് | പ്രവൃത്തി-കളുടെ എണ്ണം | തുക (കോടിയിൽ) | പ്രവൃത്തികളുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ദ്യുതി | 149 | 15.042 | (1) വിതരണ ട്രാൻസ്ഫോർമർ - 93 എണ്ണം,<br><br>(2) 11 കെ.വി. ലൈനുകൾ- 6.36 കി.മീ.,<br><br>(3) എൽ.ടി. ലൈനുകൾ - 13.73 കി.മീ.,<br><br>(4) സിംഗിൾ ഫേസ് നിന്ന് ത്രീഫേസിലേക്ക് പരിവർത്തനം - 7.06 കി.മീ.,<br><br>(5) എച്ച്.ടി. റീകൺഡക്ടറിംഗ്- 15.3 കി.മീ.,<br><br>(6) എൽ.ടി. റീകൺഡക്ടറിംഗ് - 65.89 കി.മീ. |

**പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ**

| ക്രമ. നം. | പദ്ധതിയുടെ പേര് | പ്രവൃത്തി-കളുടെ എണ്ണം | തുക (കോടിയിൽ) | പ്രവൃത്തികളുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ദ്യുതി | 43 | 3.643 | (1) വിതരണ ട്രാൻസ്ഫോർമർ - 19 എണ്ണം,<br><br>(2) 11 കെ.വി. ലൈനുകൾ - 3 കി.മീ.,<br><br>(3)എൽ.ടി. ലൈനുകൾ - 6.2 കി.മീ.,<br><br>(4) സിംഗിൾ ഫേസിൽ നിന്ന് ത്രീഫേസിലേക്ക് പരിവർത്തനം - 2.1 കി.മീ.,<br><br>(5) എച്ച്.ടി. റീകൺഡക്ടറിംഗ് - 2.2 കി.മീ., |

| | | | | |
|---|---|---|---|---|
| | | | | (6) എൽ.ടി. റീകണ്ടക്ടറിംഗ് - 5.8 കി.മീ. |
| 2 | ആർ.ഡി. എസ്.എസ് | 17 | 21.12 | (1) എച്ച്.ടി. റീകണ്ടക്ടറിംഗ് – 15.495 കി.മീ.<br><br>(2) എൽ.ടി. റീകണ്ടക്ടറിംഗ് – 113 കി.മീ.<br><br>(3) സിംഗിൾ ഫേസിൽ നിന്ന് ത്രീ ഫേസിലേക്ക് പരിവർത്തനം -15.86 കി.മീ.,<br><br>(4) കാലപ്പഴക്കമുള്ള ട്രാൻസ്ഫോർമർ മാറ്റി പുതിയത് സ്ഥാപിക്കൽ - 45 എണ്ണം,<br><br>(5) എച്ച്.ടി. അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കൽ - 3.9 കി.മീ.<br><br>(6) പുതിയ വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 25 എണ്ണം. |

**<u>അനെർട്ട്</u>**

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ അഭ്യർത്ഥന പ്രകാരം പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ കൺസ്യൂമർ നമ്പർ: 1156312009218 എന്ന വൈദ്യുതി കണക്ഷനിലേക്ക് 8 kW ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന് അനെർട്ട് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ